

മുകളിൽ പറയുന്നവയ്ക്കു പുറമെ, ഇന്ത്യയിലെ പട്ടിക ജാതി (SC) & പട്ടിക വർഗ്ഗ (ST) സമൂഹങ്ങളിൽ മത്സ്യകൃഷി സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുന്നതിന് സിഎം എഫ്ആർഐ നിരവധി പദ്ധതി പദ്ധതികൾ, പ്രത്യേകിച്ച് കേന്ദ്ര സർക്കാരിന്റെ SCSP (Scheduled Caste Sub Plan), TSP (Tribal Sub Plan) എന്നിവയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ഇതുവഴി പരീക്ഷിക്കപ്പെട്ട സാങ്കേതിക വിദ്യകൾ അവരുടെ ജീവസന്ധാരണത്തിനും സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനുമായി കർഷകരുടെ കൃഷിയിടത്തു നടപ്പിലാക്കുന്നു. SCSP/TSP പദ്ധതികളിൽ കൂടുതൽ വിവരങ്ങൾക്കായി ചെയർമാൻ SCSP/TSP, ഫോൺ: 0484-2394867 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

മുകളിൽ സൂചിപ്പിച്ച സാങ്കേതിക വിദ്യകൾ സ്വീകരിക്കാൻ താത്പര്യമുള്ള കർഷകർക്കും സംരംഭകർക്കും കൂടുതൽ വിവരങ്ങൾക്കായി ഡയറക്ടർ, ഐ.സി.എ.ആർ-സി.എം. എഫ്.ആർ.ഐ, കൊച്ചിയെ സമീപിക്കാവുന്നതാണ്.





Published by: Director, ICAR-CMFRI, Kochi

Prepared by: Rema Madhu, Madhu K., Anil M. K., Ritesh Ranjan, Sekar Megarajan, Anikuttan K. K., Imelda Joseph, Shoji Joseph, Boby Ignatius, Santosh B., Ambarish P. Gop, Joe K. Kizhakudan, Abdul Nazar, Jayasree Loka, Kalidas C., Krishna Sukumaran, Suresh Babu P. P., Biji Xavier, Divu D., Rathi Bhuvaneshwari, Shilta M. T., Tamilmani G., Johnson B., Rameshkumar P., Sanal Ebeneezar, Vidya R., Geetha Sashikumar R., Vipinkumar V. P., V. V. R. Suresh and Grinson George.

Designed by: Abhilash P. R.

CMFRI Pamphlet Series No.155/2025

CMFRI Pamphlet Series No.155/2025

# ഐ.സി.എ.ആർ– സി.എം.എഫ്.ആർ.ഐ., കൊച്ചി വികസിപ്പിച്ച സാങ്കേതിക വിദ്യകൾ









ഭാരതീയ കാർഷിക ഗവേഷണ സമിതി
കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം
പോസ്റ്റ് ബോക്സ് നം.1603, എറണാകുളം നോർത്ത് പി.ഒ., കൊച്ചി 682 018,
കേരളം, ഭാരതം



ഐ.സി.എ.ആർ – സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.സി.എ.ആർ-സി.എം.എഫ്.ആർ.ഐ.), കൊച്ചി, അഥവാ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം ഇന്ത്യയുടെ കാർഷിക- കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ 1947 ഫെബ്രുവരി 3-ന് സ്ഥാപിക്കപ്പെട്ട ഒരു പ്രഥമ സമുദ്ര മത്സ്യബന്ധന ഗവേഷണ സ്ഥാപനമാണ്. 1967-ൽ ഇത് ഐസിഎആർ കുടുംബത്തിന്റെ ഭാഗമായി. അതിന്റെ തുടക്കത്തിൽ നിന്ന് തന്നെ സിഎംഎഫ്ആർഐ, കടൽ മത്സ്യ സമ്പത്ത് വിലയിരുത്തൽ, ജൈവവൈവിധ്യ വിലയിരുത്തൽ, പരിസ്ഥിതി നിരീക്ഷണം, നൂതന ബയോആക്റ്റീവ് ന്യൂട്രാസൂട്ടിക്കലുകളുടെ വികസനം, മത്സ്യാഹാരം, മത്സ്യരോഗങ്ങൾക്കുള്ള നിർണായക മാർഗ്ഗങ്ങളും പരിശോധനാ ഉപകരണങ്ങളും, വിവിധ സമുദ്ര മത്സ്യകൃഷി രീതികളിലൂടെ ഭക്ഷ്യ മത്സ്യങ്ങളും കക്കവർഗ്ഗ മത്സ്യങ്ങളും വളർത്തുന്നതിനുള്ള സാങ്കേതിക വിദ്യകൾ, അലങ്കാര മത്സ്യങ്ങളുടെ പ്രജനനവും കൃഷിയും, മത്സ്യത്തീറ്റ ഉത്പാദനവും ഹാച്ചറിയിലെ വിത്തുത്പാദന സാങ്കേതിക വിദ്യകളും തുടങ്ങിയ മേഖലകളിൽ ഗണ്യമായ പുരോഗതി യുണ്ടാക്കി.

സ്ഥാപനം വികസിപ്പിച്ച സാങ്കേതിക വിദ്യകൾ വിവിധ പരിശീലന പരിപാടികൾ, ഓൺ ഫാം രീതിപ്രകടനങ്ങൾ, പ്രായോഗിക പരിശീലനങ്ങൾ, കർഷകമേളകൾ, പ്രദർശനങ്ങൾ, അവബോധ ക്യാമ്പുകൾ, ഫീൽഡ് ദിനങ്ങൾ, ശാസ്ത്രജ്ഞ-കർഷക കൂടിയാലോചനകൾ, പൊതു സന്ദർശ ദിനമേളകൾ എന്നിവ മുഖേന അന്തിമ ഉപയോക്താക്കൾക്ക് കൈമാറുകയാണ്. കൊച്ചിയിലെ ആസ്ഥാന കേന്ദ്രത്തോടൊപ്പം ഇന്ത്യയുടെ തീരദേശ സംസ്ഥാനങ്ങളിലുടനീളം വ്യാപിച്ച 11 ശാഖകളും 15 ഫീൽഡ് സെന്ററുകളും, 2 കൃഷി വിജ്ഞാന കേന്ദ്രങ്ങളും ഈ പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നു.









താഴെപ്പറയുന്ന സാങ്കേതിക വിദ്യകൾ ഇന്ത്യയിലെ കർഷകർക്ക് വേണ്ടി വികസിപ്പിപ്പിച്ചെടുത്തവയും കർഷകരുടെ കൃഷിയിടങ്ങളിൽ വിജയം കണ്ടവയും ഇപ്പോഴും നടപ്പിലാക്കപ്പെടുന്നവയുമാണ്:

- കടൽ കൂടുമത്സ്യകൃഷി (മോദ, അമേരിക്കൻ ആകോലി, കലവ, വറ്റ, ചിറ്റാക്കൊഞ്ച്) ഓരുജല കൂടുമത്സ്യകൃഷി (ചെമ്പല്ലി, കാളാഞ്ചി, കരിമീൻ, സാഫി മീൻ).
- വിവിധ മത്സ്യങ്ങളുടെ പെൻ കൾച്ചർ.
- അലങ്കാര മത്സ്യ കൃഷി (25 തരത്തിലുള്ള കടൽ അലങ്കാര മത്സ്യങ്ങൾ).
- ബയോഫ്ലോക്ക് മത്സ്യം വളർത്തൽ.
- തീരപ്രദേശങ്ങളിലായുള്ള കല്ലുമ്മക്കായ- കടൽ മുരിങ്ങ കൃഷി.
- കുളങ്ങളിലെ മത്സ്യകൃഷിയും സംയോജിത മത്സ്യക്കൃഷിയും.
- സമന്വിത മൾട്ടി ട്രോഫിക് അക്വാകൾച്ചർ (IMTA).
- കടൽ പായൽ കൃഷി.
- ലോബ്സ്റ്റർ (ചിറ്റാക്കൊഞ്ച്)കൊഴുപ്പിക്കൽ.
- ഞണ്ട് കൊഴുപ്പിക്കൽ.
- ആർഎഎസ് (RAS അഥവാ ജലം പുനരുപയോഗിക്കുന്ന മത്സ്യകൃഷി സംവിധാനം) വഴി ഭക്ഷ്യ മത്സ്യ വിത്ത് നഴ്സറി വളർത്തൽ.
- മത്സ്യങ്ങൾക്ക് വേണ്ട കൃത്രിമ തീറ്റ തയ്യാറാക്കൽ സാങ്കേതിക വിദ്യകൾ.
- ലൈവ് ഫീഡ് (സൂക്ഷ്മ സസ്യ ജന്തു പ്ലവകങ്ങൾ) വളർത്തൽ.
- സമുദ്ര ഭക്ഷ്യ മത്സ്യങ്ങളുടെയും അലങ്കാര മത്സ്യങ്ങളുടെയും വിത്തുത്പാദന സാങ്കേതിക വിദ്യകൾ.
- കല്ലുമ്മക്കായ – കടൽ മുരിങ്ങ: പ്രജനന കേന്ദ്രങ്ങളിലെ വിത്തുത്പാദന സാങ്കേതിക വിദ്യകൾ.







